# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC NO:20/2024/MIS-A**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
**02/05/2024**

## സർക്കുലർ

**വിഷയം:-** തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ദേവസ്വ-ങ്ങളിൽ അഗ്നി ബാധയുണ്ടാകാതിരിയ്ക്കുവാൻ ജാഗ്രത പുലർത്തേണ്ട സംഗതി സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വങ്ങളിൽ നിരന്തരം അഗ്നി ബാധ ഉണ്ടാകുന്നതിനാൽ ടി വിഷയം സംബന്ധിച്ച് ചുവടെ വിവരിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു. ആയത് എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

1. ക്ഷേത്രത്തിൽ നട അടച്ച ശേഷം ശാന്തി, കഴകം എന്നിവർ തിടപ്പള്ളിയിലെ അടുപ്പിലെ അഗ്നി പൂർണ്ണമായി കെടുത്തി എന്ന് ഉറപ്പ് വരുത്തുക.
2. രാത്രി നട അടയ്ക്കുമ്പോൾ ചുറ്റുവിളക്കും, മറ്റ് തിരി വിളക്കുകളും പൂർണ്ണമായി അണച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതും തിരികൾ മാറ്റുകയും ചെയ്യണം.
3. അപകടകരമായ രീതിയിൽ കാലഹരണപ്പെട്ട ഇലക്ട്രിക്ക് വയറുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അടിയന്തിരത്തിൽ അറ്റകുറ്റ പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.
4. തിരു ഉത്സവം, മറ്റ് വിശേഷാവസരങ്ങളിൽ മെയിൻ സ്വിച്ചിൽ നിന്നും അനധികൃതമായി കണക്ഷൻ എടുത്ത് ഉപയോഗിക്കുന്നത് കർശനമായി വിലക്കേണ്ടതാണ്.
5. നാലമ്പലത്തിനുള്ളിലും, ശ്രീകോവിലിലും സൂക്ഷിച്ചിട്ടുള്ള ആവശ്യമില്ലാത്ത എണ്ണ, പട്ട്, തുണികൾ എന്നിവ സ്റ്റോർ റൂമിലേയ്ക്ക് മാറ്റുക.
6. ജീവനക്കാർ കിടമുറ ഡ്യൂട്ടി നിർവഹിക്കുന്നുവെന്ന് സബ് ഗ്രൂപ്പാഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉറപ്പ് വരുത്തണം.

**ദേവസ്വം കമ്മീഷണർ (ഇൻ-ചാർജ്ജ്)**
**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **എല്ലാ ഡിപ്പാർട്ടുമെന്റ് മേധാവികൾക്കും**
2. **ഇ.ഡി.പി സെക്ഷൻ, ദേവസ്വം കമ്മീഷണർ ഓഫീസ്**
3. **സെക്ഷൻ ഫയൽ**
4. **ഫെയർ ഓഫീസ് കോപ്പി**